"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കാസർഗോഡ് ജില്ല -മടിക്കൈ ഗ്രാമപഞ്ചായത്തിലെ വാഴകൃഷി വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.528/2023/AGRI തീയതി,തിരുവനന്തപുരം, 31-05-2023

---

പരാമർശം:-

1. 1) സ. ഉ. (സാധാ) നം.242/2023/കൃഷി തീയതി 10/03/2023 സർക്കാർ ഉത്തരവ്.
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 02/05/2023 തീയതിയിലെ ADFW/6960/2022-TR1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മടിക്കൈ പ്രദേശത്തെ വാഴകൃഷിയിടങ്ങൾ നേരിട്ട് പരിശോധിച്ച് നിലവിൽ കർഷകർക്ക് ഇൻഷുറൻസ് ലഭിക്കാതെ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ എപ്രകാരം പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ വിള ഇൻഷുറൻസ് സംബന്ധിച്ച് വിദഗ്ധ സമിതി റിപ്പോർട്ട് കൃഷി ഡയറക്ടർ സമർപ്പിച്ചിരുന്നു.

3. വിദഗ്ധ സമിതി റിപ്പോർട്ട് സർ ക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ വാഴകൃഷി വിള ഇൻഷുറൻസ് പദ്ധതിയിൽ പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJITHDAS A
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ